**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4465** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘം ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; സംസ്ഥാന സർക്കാർ മറ്റ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണ നടപടികൾ പ്രഖ്യാപിക്കുന്ന സമയത്ത് തന്നെയാണോ ഇവിടെയും പ്രഖ്യാപിക്കുക എന്ന് വ്യക്തമാക്കുമോ; | (എ) | പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.<br><br>സഹകരണ പെൻഷൻ പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനും, പുനഃക്രമീകരിക്കുന്നതിനും പഠനം നടത്തുന്നതിനുമായി നിയോഗിച്ച സമിതി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | സംഘം ജീവനക്കാരുടെ ഡി.എ. ആനുകൂല്യങ്ങൾ അതത് സംഘത്തിൽ നിന്നാണ് നൽകുന്നത് എന്നതിനാൽ കുടിശ്ശിക നൽകുന്നതിന് സഹകരണ വകുപ്പ് നടപടി സ്വീകരിക്കുമോ? | (ബി) | 10.05.2011 തീയതിയിലെ സ.ഉ.(കൈ)നം. 75/11/സഹ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ ജീവനക്കാർക്ക് ഡി.എ. അനുവദിക്കുന്നതിനനുസൃതമായി സഹകരണ സംഘം ജീവനക്കാർക്കും ഡി.എ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ